# യോഹ 1. 29-34

ദാന്ഹ കാലത്തിൽ നാം കർത്താവിന്റെ പ്രത്യക്ഷവൽക്കരണത്തെ പറ്റിയാണ് ചിന്തിക്കുക. ഇന്നത്തെ ചിന്തക്കായി സഭ നമുക്ക് നല്കിയിരിക്കുന്ന വചനഭാഗവും കർത്താവിന്റെ പ്രത്യക്ഷവൽക്കരണത്തെ സംബന്തിക്കുന്നതാണ്.

തന്റെ അടുത്തേക്ക് സ്നാനം സ്വീകരിക്കുന്നതിനായി കടന്നു വരുന്ന ദൈവപുത്രനെ വെളിപ്പെടുത്തുന്ന സ്നാപകനെ നാം കണ്ടുമുട്ടുന്നു. ദൈവപുത്രനെ തിരിച്ചറിയുവാൻ പരിശുദ്ധ ആത്മാവ് സ്നാപകന് വരം നൽകുന്നു. അന്ന് വരെ ആർക്കും വെളിപെടാതിരുന്ന ദൈവ സാന്നിധ്യം സ്നാപക യോഹന്നാൻ ലോകത്തിനു വെളിപ്പെടുത്തി കൊടുക്കുന്നു.

ദൈവം ഈ ലോകത്തിൽ വന്നു മനുഷ്യനായി ജീവിക്കുന്നു, പച്ചയായ മനുഷ്യൻ, രക്തവും മാംസവും, വികാരങ്ങളും വിചാരങ്ങളും ഉള്ള്ള മനുഷ്യൻ. അവൻ മറ്റു എതൊരു മനുഷ്യജീവിയെപോലെയും അവരിൽ ഒരുവൻ ആയിരുന്നു, സ്നാപക യോഹന്നാൻ യേശുവിനെ വെളിപ്പെടുത്തി കൊടുക്കുന്നത് വരെ. ആ മനുഷ്യകൂട്ടിമയിൽ നിന്നും ദൈവപുത്രനെ തിരിച്ചറിയുവാൻ സ്നാപകുന്നു സാധിച്ചത് ഇപ്രകാരം ആണ്? പരിശുദ്ധ ആത്മാവിന്റെ നിറവുകൊണ്ട് മാത്രം ആണ്. സമൂഹത്തിൽ മറഞ്ഞിരിക്കുന്ന ക്രിസ്തുവിനെ കണ്ടെത്തുവാനും അവനെ മറ്റുള്ളവർക്ക് കാണിച്ചു കൊടുക്കുകയും ആണ് ഇന്ന് സഭയുടെയും ഓരോ ക്രിസ്ത്യാനിയുടെയും ദൌത്യം. അതിനായി ഓരോരുത്തരും പരിശുദ്ധ ആത്മാവിനാൽ നിറഞ്ഞു കിസ്തുവിനെ ഈ സമൂഹത്തിൽ കണ്ടെത്തണം.

ഇന്നത്തെ സമൂഹത്തിൽ കർത്താവിനെ കണ്ടെത്താൻ നാം പലപ്പോഴും മറന്നു പോകുന്നു. നമ്മുടെ സഹോദരരിൽ, കരയുന്നവരിൽ, സന്തോഷിക്കുന്നവരിൽ, ആലംബഹീനരിൽ എല്ലാം കര്താവിനെ തിരിച്ചറിയാൻ സാധിച്ചാൽ നാം ആ പഴയ സ്നാപക ദൌത്യം ആണ് ആ സാമൂഹത്തിൽ ചെയ്യുന്നത്.

എന്നാൽ നാം എത്രപേർ ഇന്ന് നാം തിരിച്ചറിയുന്ന, തിരിച്ചറിഞ്ഞ, അനുഭവിച്ചറിഞ്ഞ, സ്നേഹിച്ചു അറിഞ്ഞ നമ്മുടെ കർത്താവിനെ മറ്റുള്ളവർക്ക് നമ്മുടെ ജീവിതത്തിൽ കാണിച്ചു കൊടുക്കുവാൻ മുതിരാറുണ്ട്? ക്രിസ്തുവിനെ പ്രോഗോഷിക്കുവാനും അവനെ കാണിച്ചു കൊടുക്കുവാനും നമുക്ക് ജീവിതത്തിൽ ലഭിക്കുന്ന അവസരങ്ങൾ നാം പലപ്പോഴും നമ്മുടെ സ്റ്റാറ്റസ്ന്റെ പേരിൽ നാം തള്ളികളയുകയല്ലേ നാം ചെയ്യുന്നത്. ജീവിതത്തിൽ നാം പ്രഗോഷിക്കാതെ പോയ നിമിഷങ്ങളിൽ എല്ലാം കർത്താവു നമ്മുടെ മുന്നിൽ തന്നെ ഉണ്ടായിരുന്നു. നമ്മോടോപ്പോം ഉണ്ടായിരുന്നു. എന്നിട്ടും എന്തെ നാം അവനെ തിരിചരിഞ്ഞില്ല അല്ലെങ്ങിൽ തിരിച്ചറിഞ്ഞ കർത്താവിനെ നാം പ്രഗോഷിച്ചില്ല.

“പ്രവച്ചനങ്ങളുടെ പൂര്ത്തികരനതിനായി ഇപ്പോൾ ഇത് നടക്കട്ടെ” എന്ന വചനത്താൽ സ്നാപകന്റെ ദ ൗത്യത്തിന് പിന്തുണ പ്രക്യപിച്ച കർത്താവ് ഇന്നും നമ്മുടെ മുന്നിലും നില്കുന്നു. അവിടുന്നു അറിയാതെ നമ്മുടെ ജീവിതത്തിൽ ഒന്നും സംഭവിക്കുന്നില്ല. അതിനാൽ ജീവിതത്തിൽ കർത്താവിനെ മറ്റുള്ളവരുടെ മുന്നിൽ പ്രഘോഷിക്കുവാനും വെളിപ്പെടുതുവാനും ലഭിക്കുന്ന അവസരങ്ങൾ നമുക്ക് തള്ളികലയാതിരിക്കാം. പരിശുദ്ധ ആത്മാവിന്റെ നിറവിൽ അവിടുത്തെ സാമീപ്യം നമ്മുടെ ജീവിതത്തിൽ തിരിച്ചറിയുവാൻ പ്രാർഥിക്കാം.

Fr. Shyju Naduvathaniyil, Diocese of Palghat.